വിദ്യാഭ്യാസം

എ.കെ ശറൂൽ

# ഇസ്സുദ്ദീൻ മൗലവിയും ആലിയാ കോളേജും

**വി.കെ.എം** ഇസ്സുദ്ദീൻ മൗലവി എന്നു കേൾക്കാത്തവർ ചുരുക്കമായിരിക്കും. നവകേരളത്തിന്റെ മുസ്‌ലിം ചരിത്രത്തെ ഈ വിധമാക്കി ത്തീർത്തതിൽ അദ്ദേഹത്തിന് വലിയ പങ്കുണ്ട്. സംഭവബഹുലമായ ആ ജീവിത യാത്രയിലെ നാഴികക്കല്ലുകളാണ് മദ്റസാ ആലിയയുടെ ചരിത്രം. ആലിയയുടെ പിതാവും മാതാവും അദ്ദേഹമായിരുന്നു. ആലിയ നാളിതുവരെ നിറവേറ്റിപ്പോന്ന ദൗത്യനിർവഹണ പ്രവർത്തനം അദ്ദേഹത്തിന്റെ സൽക്കർമങ്ങളിൽ ചേർത്തുവായിക്കേണ്ടതാണ്.

''ഇവിടെ നിന്നും കോഴ്സ് പൂർത്തിയാക്കി നാട്ടിൽ തിരിച്ചെത്തിയതിന് ശേഷം നിങ്ങൾ എന്ത് ചെയ്യും?" ഉമറാബാദ് ദാറുസ്സലാം അറബിക്കോളേജിൽനിന്ന് പഠനം പൂർത്തിയാക്കി പുറത്തുവരുന്ന ഓരോ വിദ്യാർഥിയും ഈയൊരു വിഷയത്തിൽ ഉപന്യസിക്കേണ്ടിയിരുന്നു. അന്ന് വിദ്യാർഥിയായിരുന്ന വി.കെ.എം ഇസ്സുദ്ദീൻ മൗലവി കുറെ ചിന്തിച്ചുറച്ച ശേഷം ഇങ്ങനെ എഴുതി: "ഉമറാബാദ് ദാറുസ്സലാമിന്റെ മാതൃകയിൽ ഒരുന്നത വിദ്യാഭ്യാസ കേന്ദ്രം സ്ഥാപിക്കാൻ ശ്രമിക്കും. ആ സ്ഥാപനത്തിൽ ഭൗതികവും മതപരവുമായ വിജ്ഞാനങ്ങൾ പരസ്പരം കൈകോർത്തുപിടിക്കും. അല്ലാഹുവിന്റെ പ്രീതി മാത്രം ലക്ഷ്യം വെച്ചുകൊണ്ട് ദീനിന് സേവനം ചെയ്യാൻ സന്നദ്ധതയുള്ള ധീരമുജാഹിദുകളെ ആ സ്ഥാപനത്തിൽവെച്ച് പരിശീലിപ്പിച്ച് പുറത്തുവിടും. ദീനിനെ സംബന്ധിച്ച അഗാധജ്ഞാനത്തോടൊപ്പം ഭൗതികവിദ്യാഭ്യാസവും അവർക്കു ലഭിച്ചിരിക്കും. അങ്ങനെ സമുദായോദ്ധാരണ പ്രക്രിയക്കു നാന്ദികുറിക്കുന്നതിനുവേണ്ടി സർവപരിശ്രമങ്ങളും ഞാൻ നടത്തുന്നതാണ്.'' തുടർന്നുള്ള മൗലവി സാഹിബിന്റെ ജീവിതയാത്ര ഈ ലക്ഷ്യം നേടുന്നതിന് വേണ്ടിയുള്ള ഭഗീരഥ യത്നമായിരുന്നു.

## തീർഥയാത്ര

മൗലവിസാഹിബ് തന്റെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി 1930-ൽ തലശ്ശേരിയിലേക്ക് പുറപ്പെട്ടു. വിദ്യാഭ്യാസപരമായും സാമ്പത്തികമായും മലബാറിലെ ഭേദപ്പെട്ട ഒരു പ്രദേശമായിരുന്നു തലശ്ശേരി. മുസ്‌ലിംകളുടെ ശോച്യാവസ്ഥ വിവരിച്ചുകൊണ്ടും അത് ദൂരീകരിക്കാൻ ഒരുന്നത വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ആവശ്യകത വ്യക്തമാക്കിക്കൊണ്ടും ഒരാഴ്ച നീണ്ടുനിന്ന ഒരു പ്രസംഗ പരമ്പര തലശ്ശേരി പിലാക്കൂൽ പള്ളിയിൽ മൗലവി നടത്തുകയുണ്ടായി. അവിടത്തെ പൗരമുഖ്യന്മാർ ഈ ആശയം അംഗീകരിക്കുകയും ആവശ്യമായ നടപടികൾ ആരംഭിക്കാമെന്ന് സമ്മതിക്കുകയും ചെയ്തുവെങ്കിലും പിന്നീട് യാതൊരു പ്രതികരണവുമുണ്ടായില്ല.

മൗലവി സാഹിബ് തന്റെ കൂടെയുണ്ടായിരുന്ന ഏഴു വിദ്യാർഥികളെയും കൊണ്ട് വടക്കോട്ട് നീങ്ങി. തീവണ്ടി നിൽക്കുന്ന ഓരോ സ്റ്റേഷനിലും ഇറങ്ങി നാട്ടുകാരെ കണ്ട് തന്റെ ഉദ്ദേശ്യം വ്യക്തമാക്കി. തനിക്ക് ശമ്പളം തരേണ്ടതില്ലെന്നും വിദ്യാർഥികൾക്കും തനിക്കും ഒരു വർഷത്തെ താമസത്തിനുള്ള സൗകര്യം ഉണ്ടാക്കിത്തന്നാൽ ഒരുന്നത വിജ്ഞാനകേന്ദ്രം സ്ഥാപിക്കാനുള്ള എല്ലാ ശ്രമങ്ങളും നടത്താമെന്നും ബോധിപ്പിച്ചു. സംഗതി തത്വത്തിൽ എല്ലാ നാട്ടുകാരും അംഗീകരിച്ചുവെങ്കിലും പ്രായോഗികമായ പല പ്രതിബന്ധങ്ങളുമാണ് അവർക്ക് ബോധിപ്പിക്കാനുണ്ടായിരുന്നത്. ചിലേടത്ത് നാട്ടിലുള്ള കക്ഷിവഴക്കാണ് തടസ്സമെങ്കിൽ മറ്റു ചില സ്ഥലത്ത് അത്തരം ഒരു സ്ഥാപനത്തെ താങ്ങിനിർത്താനുള്ള കഴിവുകേടായിരുന്നു പ്രതിബന്ധം.

അവസാനം കോട്ടിക്കുളത്തെത്തിയ മൗലവി സാഹിബ് വഴിക്കേ പള്ളിയിൽ താമസമാക്കി. സ്ഥലത്തെ ഖാദിയും പ്രമുഖപണ്ഡിതനുമായ കെ.എൻ മമ്മുഞ്ഞി മൗലവിയെ ചെന്നു കണ്ടു. അദ്ദേഹം ഇസ്സുദ്ദീൻ മൗലവിയുടെ ആവശ്യം അംഗീകരിച്ചു. ഖാദിസാഹിബിന്റെ ഒത്താശ പ്രകാരം പ്രഥമ കാൽവയ്പെന്ന നിലയിൽ വഴിക്കേ പള്ളിയിൽ ദർസാരംഭിക്കുകയും ചെയ്തു. ഇക്കാലത്ത് മുഹമ്മദ് ശറൂൽസാഹിബ്, സേട്ടു കുഞ്ഞഹമ്മദ് സാഹിബ്, സേട്ടു കുഞ്ഞഹമ്മദ് സാഹിബ്, കൈക്കോട്ടു കടവിൽ മുഹമ്മദ് കുഞ്ഞിഹാജി, അറബി ശംനാട്

സാഹിബ് എന്നിവരുമായി മൗലവി ചർച്ച നടത്തുകയും തന്റെ ലക്ഷ്യത്തിന് പിന്തുണ തേടുകയും ചെയ്തു. നിലവിലുള്ള ദർസ് അടുത്ത റമദാന് ശേഷം കോളേജാക്കി ഉയർത്താമെന്ന് അവർ സമ്മതിച്ചു. പക്ഷേ, റമദാൻ കഴിഞ്ഞു മൗലവി സാഹിബ് തിരിച്ചുവന്നപ്പോൾ വളരെ വിചിത്രമായ അനുഭവമാണുണ്ടായത്. തന്റെ സ്ഥാനത്ത് മറ്റൊരു മൗലവി ദർസ് നടത്തിക്കൊണ്ടിരിക്കുന്ന രംഗമാണ് അദ്ദേഹത്തെ സ്വാഗതം ചെയ്തത്.

തുടർന്ന് മൗലവി ഉദുമയിലേക്ക് നീങ്ങുകയും നാട്ടുകാരുടെ സഹകരണത്തോടെ പടിഞ്ഞാറെ പള്ളിയിൽ ദർസാരംഭിക്കുകയും ചെയ്തു. ഉദുമയിലെ താമസത്തിന്നിടയിലുള്ള അന്വേഷണങ്ങളിൽനിന്ന് അവിടെ തന്റെ ആശയം പ്രായോഗികമാവുകയില്ലെന്നു ബോധ്യമായി. പിന്നീട് തെക്കോട്ട് നീങ്ങിയ മൗലവി സാഹിബ് കണ്ണൂർ ജുമുഅത്ത് പള്ളിയുടെ മുമ്പിൽ ഒരു മതപ്രസംഗ പരമ്പര നടത്തി. പ്രസ്തുത പ്രസംഗങ്ങളിൽ, മുസ്‌ലിംകൾ ഒരേ സമയം മത വിദ്യാഭ്യാസവും ലൗകിക വിദ്യാഭ്യാസവും കരസ്ഥമാക്കേണ്ടതിന്റെ ആവശ്യകത മൗലവി സാഹിബ് സമർഥിച്ചു. ഉന്നത വിദ്യാഭ്യാസ കേന്ദ്രം എന്ന ആശയം അറക്കൽ സുൽത്താൻ അലിരാജയുടെ മുമ്പിൽ വയ്ക്കുന്നതിന്നായി മൗലവി സാഹിബിന്റെ നേതൃത്വത്തിൽ പന്ത്രണ്ടുപേരടങ്ങുന്ന ഒരു നിവേദക സംഘം തെരഞ്ഞെടുക്കപ്പെട്ടു. സുൽത്താൻ അനുകൂലമായ മറുപടി നൽകുകയും പ്രാരംഭ നടപടി എന്ന നിലയിൽ ദർസ് ആരംഭിക്കാൻ നിർദേശിക്കുകയും ചെയ്തു. അങ്ങനെ സുൽത്താൻകൂടി സന്നിഹിതനായിരുന്ന ഒരു സദസ്സിൽവെച്ച് ദർസ് ഉദ്ഘാടനം ചെയ്യപ്പെട്ടു. എന്നാൽ, പിന്നീട് ഏതോ തൽപര കക്ഷികൾ തെറ്റിദ്ധരിപ്പിച്ചതുകൊണ്ടായിരിക്കണം, ഉന്നത വിദ്യാലയം എന്ന ആശയം അറയ്ക്കൽ രാജാവ് വേണ്ടെന്നുവെച്ചു. തുടർന്ന് മൗലവി മറ്റു ചില വാതിലുകൾ മുട്ടിനോക്കിയെങ്കിലും ഫലമൊന്നുമുണ്ടായില്ല.

## തെക്കൻ കർണാടക ജംഇയ്യത്തുൽ ഉലമാ

വ്യക്തിപരമായ ശ്രമങ്ങൾകൊണ്ട് ഫലമില്ലെന്ന് മനസ്സിലാക്കിയ മൗലവി സംഘടിതമായ ഒരു പരിശ്രമത്തിന് പ്ലാനിട്ടു. അങ്ങനെ 1940 സെപ്റ്റംബർ 6-ന് ഉദുമ കണ്ണികുളങ്ങര ജുമുഅത്ത് പള്ളിയിൽ കെ.എച്ച് മുഹമ്മദ് കുഞ്ഞി മൗലവി(മുദർരിസ്, മഞ്ചേശ്വരം)യുടെ അധ്യക്ഷതയിൽ തെക്കൻ കർണാടക ജില്ലയിലെ മത പണ്ഡിതന്മാരുടെ ഒരു യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽവച്ച് 'സൗത്ത് കാനറ ജംഇയ്യത്തുൽ ഉലമാ' എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ചു. ഇസ്സുദ്ദീൻ മൗലവി പ്രസിഡന്റായുള്ള ഭരണസമിതിയിൽ കെ.എച്ച് മുഹമ്മദ് കുഞ്ഞി, എ.കെ നസഫി, കെ.പി ഹസൻകുട്ടി, പി. മുഹമ്മദ് ത്വാഈ ഉമരി, എം.കെ കുഞ്ഞിമാഹിൻകുട്ടി, സി. മുഹമ്മദ് കുഞ്ഞി എന്നീ മൗലവിമാർ ഭാരവാഹികളായിരുന്നു.

ഈ സംഘടനയുടെ പ്രധാന ലക്ഷ്യം മുസ്‌ലിംകൾക്കിടയിൽ കണ്ടുവരുന്ന കക്ഷിത്തം അവസാനിപ്പിക്കാൻ വേണ്ടി പരിശ്രമിക്കുക, ദീനീ വിജ്ഞാനം പ്രചരിപ്പിക്കുക, ഉന്നതമായ ഒരു വിദ്യാഭ്യാസകേന്ദ്രം സ്ഥാപിക്കുക എന്നിവയായിരുന്നു. സംഘടനയുടെ രണ്ടാമത്തെ പ്രവർത്തക സമിതി ചെംനാട് ജുമുഅത്ത് പള്ളിയിൽ ചേരുകയും പ്രസ്തുത പള്ളിയിൽ ദർസ് ആരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തു. 1940 നവംബറിൽ നാട്ടുകാരുടെ സഹകരണത്തോടെ ഇസ്സുദ്ദീൻ മൗലവി മുദർരിസായി ദർസാരംഭിച്ചു. കോളേജ് സ്ഥാപിക്കാൻവേണ്ടി പിന്നീട് നടത്തിയ ശ്രമങ്ങളെല്ലാം ചെംനാട് കേന്ദ്രീകരിച്ചായിരുന്നു. നാട്ടുകാരുടെ അകമഴിഞ്ഞ സഹകരണം ഇക്കാര്യത്തിൽ ലഭ്യമായി. മാഹിൻ ശംനാട്, പുതിയ പുര മുഹമ്മദ്, എട്ടുംവളപ്പിൽ അഹമ്മദ്, എ.പി അബ്ബാസ് കുട്ടി, സി.എച്ച് അമ്മദ് ഹാജി, സി.എം അമ്മദ്, സി.എൽ മുഹമ്മദ് എന്നിവരുടെ പേരുകൾ ഇവിടെ പ്രത്യേകം സ്മരിച്ചുകൊള്ളട്ടെ.

## മദ്റസ ആലിയ

ജംഇയത്തുൽ ഉലമായുടെ ഒന്നാം വാർഷിക സമ്മേളനം 1941 സെപ്റ്റംബറിൽ അറക്കൽ സുൽത്താൻ അബ്ദുർറഹ്മാൻ അലി രാജാ ബഹദൂറിന്റെ അധ്യക്ഷതയിൽ കാസർകോട് തായലങ്ങാടി ഖിദ്ർ ജുമുഅത്ത് പള്ളിയിൽ ചേർന്നു. കെ.എം മൗലവി സാഹിബ്, കെ.എം സീതി സാഹിബ് തുടങ്ങിയ പ്രമുഖവ്യക്തികൾ അതിൽ പങ്കെടുത്തിരുന്നു. പ്രസ്തുത സമ്മേളനത്തിൽ 'മദ്റസഃ ആലിയഃ' സ്ഥാപിക്കുന്നതു സംബന്ധിച്ച പ്രമേയം ഇസ്സുദ്ദീൻ മൗലവി അവതരിപ്പിക്കുകയും സമ്മേളനം അതംഗീകരിക്കുകയും ചെയ്തു. 1942-ൽ പറവണ്ണ മുഹ്‌യിദ്ദീൻ കുട്ടി മൗലവിയുടെ അധ്യക്ഷതയിൽ ഉള്ളാൾ ജുമുഅത്ത് പള്ളിക്ക് മുമ്പിൽ ചേർന്ന ജംഇയ്യത്തിന്റെ രണ്ടാം വാർഷിക യോഗം, നിർദിഷ്ട മദ്റസഃ ആലിയായുടെ സ്ഥാപനം ഉള്ളാളത്ത് ആയിരിക്കുമെന്ന് പ്രഖ്യാപിച്ചു.

ഉള്ളാളക്കാരുമായി തുടർന്നു നടത്തിയ ചർച്ചയിൽനിന്ന് മദ്റസഃ ആലിയ അവിടെ സ്ഥാപിക്കാൻ സാധ്യമല്ലെന്ന് ബോധ്യപ്പെട്ടു. പിന്നീട്, മദ്റസഃ ആലിയഃ ചെംനാട് തന്നെ തുടങ്ങാമെന്ന് പ്രവർത്തക സമിതി തീരുമാനിച്ചു. പള്ളിയിൽ നടന്നുവരുന്ന ദർസ് കോളേജാക്കി ഉയർത്താൻ ചെംനാട് ജമാഅത്ത് നിർദേശം ഉന്നയിച്ചു. അങ്ങനെ, 1943 മെയ് മാസത്തിൽ സയ്യിദ് അബ്ദുർറഹ്മാൻ ബാഫഖീഹ് തങ്ങൾ 'അൽമദ്റസത്തുൽ ആലിയാ അറബിക്കോളേജ്' ഔപചാരികമായി ഉദ്ഘാടനം ചെയ്തു.

## പരവനടുക്കം ദാറുൽ ഇസ്‌ലാം

1945 വരെ ചെംനാട് ജുമുഅത്ത് പള്ളിയിൽവെച്ചാണ് ക്ലാസുകൾ നടത്തിയിരുന്നത്. പരവനടുക്കത്ത് സ്വന്തമായി കെട്ടിടം നിർമിക്കുന്നതിന് സ്ഥലം വഖ്ഫ് ചെയ്തതും അഞ്ഞൂറിൽപരം ഉറുപ്പിക സംഭാവന നൽകിയതും ചെംനാട് ജമാഅത്ത് തന്നെയായിരുന്നു. പരവനടുക്കം ദാറുൽ ഇസ്‌ലാമിൽ പണി പൂർത്തിയായ കെട്ടിടത്തിന്റെ ഉദ്ഘാടനം 1945-ൽ ഖാൻ ബഹദൂർ മഹ്മൂദ് ശംനാട് നിർവഹിച്ചു. ഈ സമയത്ത് രണ്ട് അധ്യാപകരും ഇരുപത്തഞ്ച് വിദ്യാർഥികളുമാണുണ്ടായിരുന്നത്. അടുത്തവർഷം വിദ്യാർഥികളുടെ എണ്ണം അറുപതായും അധ്യാപകരുടെ സംഖ്യ ആറായും ഉയർന്നു.

കെട്ടിടത്തിന്റെ പണി തുടങ്ങിയതോടെ ധനശേഖരണാർഥം തെക്കോട്ടും വടക്കോട്ടും ഓരോ സംഘം യാത്ര പുറപ്പെട്ടു. ഈ രണ്ടു സംഘങ്ങളിൽ ഇസ്സുദ്ദീൻ മൗലവിക്ക് പുറമെ ടി. മുഹമ്മദ് (കൊടിഞ്ഞി), നാസിറുദ്ദീൻ മൊയ്തു (അത്തോളി), മൂസാഭായി (പാലക്കാട്), എ. മുഹമ്മദ് മൗലവി (കല്ലിക്കോട്), ഈസാ അഹ്മദ് (അഴീക്കോട്) എന്നിവരാണ് ഉണ്ടായിരുന്നത്. കൂടാതെ ധനശേഖരണാർഥം സിലോണും ഗ്രന്ഥശേഖരണാർഥം ബോംബെ, കൽക്കത്ത എന്നീ നഗരങ്ങളും ഇസ്സുദ്ദീൻ മൗലവി സന്ദർശിക്കുകയുണ്ടായി.

## സിലബസ്സ്

സമുദായത്തിന്റെ ശോച്യാവസ്ഥയായിരുന്നു കോളേജ് സ്ഥാപനത്തിന് പ്രധാനമായും പ്രേരിപ്പിച്ചത്. മതത്തെസംബന്ധിച്ച പരിജ്ഞാനമോ മതനിഷ്ഠയോ ഇല്ലാത്ത അഭ്യസ്തവിദ്യർ ഒരു ഭാഗത്ത്. ലോകത്തെ സംബന്ധിച്ച യാതൊരു പരിജ്ഞാനവുമില്ലാത്ത മതപണ്ഡിതന്മാർ മറുഭാഗത്ത്. ഇവർക്കു മധ്യേ അജ്ഞതയുടെ അന്ധകാരത്തിൽപെട്ട് വഴിയറിയാതെ നട്ടം തിരിയുന്ന സാമാന്യ ജനങ്ങൾ. ദീനിനെ സംബന്ധിച്ച അഗാധജ്ഞാനവും ഭൗതികവിദ്യാഭ്യാസവും ഒരേ സമയം ലഭിച്ചിട്ടുള്ള ത്യാഗസന്നദ്ധതയുള്ള വ്യക്തികൾക്കു മാത്രമേ ഈ ദയനീയാവസ്ഥയിൽ സമുദായത്തെ രക്ഷിക്കാൻ കഴിയൂ. ഈ ആവശ്യം മുമ്പിൽ വെച്ചുകൊണ്ടായിരുന്നു സ്ഥാപനത്തിന്റെ സിലബസ്സിന് രൂപം നൽകിയത്.

സമഗ്രമായ പ്രസ്തുത പാഠ്യപദ്ധതിയിൽ തഫ്സീർ, ഹദീസ്, ഫിഖ്ഹ്, അവയുടെ ഉസ്വൂൽ, അറബിസാഹിത്യം, ചരിത്രം, പ്രകൃതിശാസ്ത്രം, ഭൂമിശാസ്ത്രം, ഗോളശാസ്ത്രം, ഗണിതശാസ്ത്രം, തർക്കശാസ്ത്രം, തത്വശാസ്ത്രം, തസ്വവ്വുഫ്, മനശ്ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, വൈദ്യശാസ്ത്രം, മതങ്ങൾ തമ്മിലുള്ള താരതമ്യപഠനം, ഇസ്‌ലാമികവിരുദ്ധമായ ആശയങ്ങളുടെ ഖണ്ഡനം, ഗ്രന്ഥരചന എന്നീ വിഷയങ്ങളും ഇംഗ്ലീഷ്, ഉർദു, ഹിന്ദി എന്നീ ഭാഷകളും ഉൾപ്പെടുത്തിയിരുന്നു. 1945-ൽ കറാച്ചിയിലെ ബലൂച്ച് ലിത്തോ പ്രസ്സിൽ കോളേജിന്റെ ബ്ലോക്കോടുകൂടി ഉർദുവിൽ അച്ചടിച്ച പ്രസ്തുത സിലബസ്സ്, മസ്ഹറുൽ ഉലൂം അറബിക്കോളേജ് (കറാച്ചി) പ്രിൻസിപ്പൽ മൗലാനാ മുഹമ്മദ് സ്വാദിഖും വൈസ് പ്രിൻസിപ്പൽ മൗലാനാ ഫസ്ൽ അഹമ്മദും സൂക്ഷ്മമായി പരിശോധിക്കുകയും സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

പതിനൊന്നു വർഷത്തെ കോഴ്സാണ് സിലബസ്സിൽ വിഭാവന ചെയ്തിരുന്നത്. എന്നാൽ പിന്നീട്, പ്രായോഗികമായ ചില വൈഷമ്യങ്ങൾ കാരണം അത് എട്ടുവർഷമായി ചുരുക്കേണ്ടിവന്നു. ഇതിനുവേണ്ടി സിലബസ്സിൽ അടിസ്ഥാനപരമല്ലാത്ത ചില മാറ്റങ്ങൾ വരുത്തുകയും ചെയ്തു. ഭേദഗതി ചെയ്ത രൂപത്തിലുള്ള സിലബസ്സ് 1948-ൽ കീഴൂർ ഖാദി സി. മുഹമ്മദ് കുഞ്ഞി മൗലവിയുടെ അധ്യക്ഷതയിൽ ചെംനാട് വൈ.എം.എം.എ ഹാളിൽ ചേർന്ന യോഗത്തിൽ അംഗീകരിക്കപ്പെട്ടു.

1947 വരെ ആലിയയുടെ ഭരണചുമതല നിർവഹിച്ചിരുന്നത് ജംഇയ്യത്തുൽ ഉലമയായിരുന്നു. 47-ൽ ഭരണം ഒരു സ്വതന്ത്ര സമിതിക്ക് കൈമാറി. പി.സി.എച്ച് കുഞ്ഞിക്കലന്തർ (പ്രസിഡന്റ്), പി. മുഹമ്മദ് ഹാജി, അഹ്മദ് ശംനാട് (വൈസ് പ്രസിഡന്റുമാർ), എ.കെ ശറൂൽ (ജനറൽ സെക്രട്ടറി), സി.പി മാഹിൻ (ജോയിന്റ് സെക്രട്ടറി), പി. സീതിക്കുഞ്ഞി (ജോ. സെക്രട്ടറി-ഖജാഞ്ചി) എന്നിവർ ഭാരവാഹികളായുള്ള കമ്മിറ്റിയിൽ മതസാമുദായിക രംഗങ്ങളിൽ വ്യക്തിമുദ്രപതിച്ച ഇരുപത്തൊന്ന് പ്രഗത്ഭവ്യക്തികളുണ്ടായിരുന്നു. 1958-ൽ ഈ കമ്മിറ്റി രജിസ്റ്റർ ചെയ്യപ്പെട്ടു.

ആലിയായുടെ ചരിത്രത്തിൽ പ്രശസ്തരായ ഒട്ടേറെ വ്യക്തികളുടെ പേരുകൾ രേഖപ്പെട്ടു കിടക്കുന്നു. ഇസ്സുദ്ദീൻ മൗലവിയോടൊപ്പം രേഖപ്പെടുത്തേണ്ട ഒരു നാമമത്രെ പി. മുഹമ്മദ് ത്വാഈ മൗലവിയുടേത്. 1947-ൽ പുതിയ ഭരണസമിതി ഭരണമേറ്റെടുത്തത് മുതൽ ഇദ്ദേഹമായിരുന്നു പ്രിൻസിപ്പൽ. കെ.വി അബൂബക്കർ മൗലവിയാണ് ഇപ്പോഴത്തെ പ്രിൻസിപ്പൽ.

ഈ സ്ഥാപനത്തിൽ അധ്യാപകരായി സേവനമനുഷ്ഠിച്ച പ്രശസ്ത വ്യക്തികളുടെ പട്ടികയിൽ സി. അബൂബക്കർ മൗലവി, മുഹമ്മദ് ശീറാസി മൗലവി, ഇ.കെ അബൂബക്കർ മുസ്‌ലിയാർ, കെ.സി അബ്ദുല്ല മൗലവി, കെ.എം അഹ്മദ് മൗലവി, മുഹമ്മദ് അബുസ്സ്വലാഹ് മൗലവി, കുനായിൽ മുഹമ്മദ് മൗലവി, ടി. മുഹമ്മദ്, കെ. മൊയ്തുമൗലവി, വി. അബ്ദുല്ല മൗലവി, സഅ്ദുദ്ദീൻ മൗലവി, പി.വി മൊയ്തീൻകുട്ടി മൗലവി, എം.ടി അബ്ദുർറഹ്മാൻ മൗലവി തുടങ്ങിയ പേരുകൾ കാണാം.

(*ആലിയാ കോളേജ് സുവനീറിൽ കോളേജ് സ്ഥാപകരിലൊരാളായിരുന്ന എ.കെ ശറൂൽ സാഹിബ് എഴുതിയ ലേഖനം*).